# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2791 20.03.2015-ൽ മറുപടി

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി രണ്ടാം ഘട്ടം

ചോദ്യം

ശ്രീ.ബെന്നി ബെഹനാൻ

ശ്രീ. എ.റ്റി.ജോർജ്

ശ്രീ. സി.പി.മുഹമ്മദ്

ശ്രീ. ടി.എൻ. പ്രതാപൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | രണ്ടാംഘട്ടത്തിൽ കൂടുതൽ ജില്ലകളെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്തതായി മാറ്റുന്നതിനാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സവിശേഷതകളാണ് പദ്ധതി നടത്തിപ്പിൽ രണ്ടാം ഘട്ടത്തിൽ വരുത്തിയിട്ടുള്ളത്; | (സി)യും (ഡി)യും.<br>താലൂക്ക്, ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം വില്ലേജ് ഓഫീസർമാർ, താലൂക്ക് തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ നടന്നുവരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ സർക്കാർ ഭൂമികളും, മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമികൾ കൂടി കണ്ടെത്തി പദ്ധതിക്കായി ഉപയോഗിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം സർക്കാർ ഭൂമിയിലുള്ള അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | |

സെക്ഷൻ ഓഫീസർ